(സി) ശ്രീമതി സരസ്വതി അമ്മയ്ക്ക് ബി.പി.എൽ. കാർഡ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) ശ്രീമതി സരസ്വതി അമ്മയ്ക്ക് എ.പി.എൽ. കാർഡാണ് നൽകിയിരിക്കുന്നത്. ബി.പി.എൽ. കാർഡിന് അപേക്ഷ ലഭിച്ചിട്ടില്ല. അപേക്ഷ ലഭിക്കുന്നപക്ഷം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

റേഷൻകാർഡ് പുതുക്കുന്ന ഘട്ടത്തിൽ ഇവരുടെ വരുമാനം പരിശോധിച്ച് മറ്റ് മാനദണ്ഡങ്ങൾ കണക്കാക്കി അർഹതപ്പെട്ടതാണെങ്കിൽ മുൻഗണനാ വിഭാഗത്തിൽ (ബി.പി.എൽ.) ഉൾപ്പെടും.

അവശ്യസാധനങ്ങൾ പൊതുവിപണി വിലയേക്കാൾ കുറഞ്ഞ നിരക്കിൽ നൽകുന്നതിനുള്ള പദ്ധതി

189(5274) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അവശ്യസാധനങ്ങൾ പൊതുവിപണി വിലയേക്കാൾ കുറഞ്ഞ നിരക്കിൽ നൽകുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ ;

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) വിപണിയിലുണ്ടാകുന്ന വില വർദ്ധന പിടിച്ചുനിർത്തുന്നതിനും അതുവഴി പൊതുജനങ്ങൾക്ക് ആശ്വാസമേകുന്നതിനായും സിവിൽസപ്ലൈസ് കോർപ്പറേഷൻ മുഖേനയുള്ള വിപണിയിടപെടൽ പദ്ധതി കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. ഇതിനായി താഴെക്കൊടുത്തിട്ടുള്ള സാഹചര്യങ്ങൾ ഒരുക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

1. നിത്യോപയോഗ സാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും വിലനിലവാരം പിടിച്ചുനിർത്തുന്നതിനും വേണ്ടി 13 ഇനം അവശ്യസാധനങ്ങൾ സബ്സിഡി നിരക്കിൽ സപ്ലൈകോ വിൽപ്പനശാലകൾവഴി വിറ്റുവരുന്നു.

2. കൂടുതൽ വിൽപ്പനശാലകൾവഴി മിതമായ നിരക്കിൽ വിപണിയിൽ തടസ്സമില്ലാതെ സാധനങ്ങൾ ലഭ്യമാക്കുന്നു. ഇതിനു പുറമെ ആദിവാസി/തീരദേശ മേഖലകളിൽ നിത്യോപയോഗ സാധനങ്ങളുടെ വിതരണത്തിനായി സഞ്ചരിക്കുന്ന മാവേലിസ്റ്റോറുകളും പ്രവർത്തിച്ചുവരുന്നു.

3. യഥാർത്ഥ ഉപഭോക്താവിന് അവശ്യസാധനങ്ങൾ ലഭ്യമാക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് അവയുടെ വിൽപ്പന റേഷൻ കാർഡുകൾ വഴി നിയന്ത്രിക്കുകയും അതുവഴി അവശ്യസാധനങ്ങളുടെ ദുരുപയോഗസാദ്ധ്യത തികച്ചും ഇല്ലാതാക്കുകയും ചെയ്യുന്നു.

4. ഗോതമ്പുപൊടിയുടെ വിലവർദ്ധന തടയുന്നതിനായി സപ്ലൈകോ വിൽപ്പനശാലകൾ, റേഷൻകടകൾ എന്നിവവഴി ഫോർട്ടിഫൈഡ് ആട്ട ഒരു കിലോ പാക്കറ്റിന് 15 രൂപ നിരക്കിൽ വിതരണം നടത്തിവരുന്നു.

5. അരിയും പലവ്യഞ്ജനങ്ങളും കൂടാതെ FMCG സാധനങ്ങൾ MRP യേക്കാളും 5 മുതൽ 30 ശതമാനംവരെ വില കുറച്ച് ഉപഭോക്താക്കൾക്ക് വിതരണം നടത്തുന്നു. ഇത് MRP യിൽ നിന്നും കുറഞ്ഞ നിരക്കിൽ സാധനങ്ങൾ വിൽക്കാൻ മറ്റ് വൻകിട കച്ചവടക്കാരെ പ്രേരിപ്പിക്കുകയും അങ്ങനെ ഉപഭോക്താവിന് പരമാവധി ആനുകൂല്യം ലഭിക്കാൻ ഇടയാക്കുകയും ചെയ്യുന്നു.

6. പൊതുവിപണിയിലേതിനേക്കാൾ 20 ശതമാനംവരെ വിലക്കുറവിൽ തേയില, മല്ലിപ്പൊടി, കുറിപൗഡറുകൾ, കായം, വാളൻപുളി, ഏലം, അപ്പംപൊടി, പുട്ടുപൊടി എന്നിവ ശബരി എന്ന പേരിൽ വിപണിയിൽ വിൽപ്പന നടത്തിവരുന്നു.

7. ഉത്സവകാലങ്ങളിൽ വിലവർദ്ധന നിയന്ത്രിക്കാൻ പ്രത്യേക ഉത്സവകാല ചന്തകൾ നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

8. സപ്ലൈകോയുടെ പ്രവർത്തനം കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുവാൻ വേണ്ടി മാവേലിസ്റ്റോറുകളില്ലാത്ത 45 പഞ്ചായത്തുകളിൽക്കൂടി മാവേലിസ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

9. പൊതുവിപണന ശൃംഖല വിപുലീകരിക്കുന്നതിന്റെ ഭാഗമായി പ്രതിമാസം ഏകദേശം 10 ലക്ഷം രൂപയിൽ കൂടുതൽ വിറ്റുവരവുള്ള മാവേലിസ്റ്റോറുകൾ ഉപഭോക്താവിന് കൂടുതൽ സൗകര്യപ്രദമായി സാധനങ്ങൾ വാങ്ങുന്നതിന് സൗകര്യമുള്ള സൂപ്പർ മാർക്കറ്റുകളായി ഉയർത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. ഈ നടപടി നടന്നുവരുന്നു.

10. ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനായി എല്ലാ സാധനങ്ങളും ക്വാളിറ്റി കൺട്രോൾ കമ്മിറ്റിയുടെ ഗുണനിലവാര സർട്ടിഫിക്കറ്റിന് വിധേയമായി മാത്രമാണ് വിൽപ്പനയ്ക്ക് വയ്ക്കുന്നത്.

വിപണിയിടപെടലിനായി ചെലവഴിച്ച തുക

190 (5275) <u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2015 വർഷത്തെ റംസാൻ-ഓണം ഉൽസവ കാലയളവിൽ വിലക്കയറ്റം നിയന്ത്രിക്കാനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കാമോ ;

(ബി) പ്രസ്തുത കാലയളവിൽ വിപണിയിടപെടലിനായി എത്രതുക നീക്കിവച്ചെന്നും എത്രതുക ചെലവഴിച്ചെന്നും വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) കേരളത്തിലുടനീളം 64 റംസാൻ ഫെയറുകൾ സംഘടിപ്പിച്ച് റംസാൻ കാലത്ത് ആവശ്യമായ നെയ്യ്, ബിരിയാണി അരി തുടങ്ങിയ എല്ലാ ഭക്ഷ്യവസ്തുക്കളും റംസാൻ ഫെയറുകൾവഴി പൊതുജനങ്ങൾക്ക് ന്യായവിലയ്ക്ക് ലഭ്യമാക്കിയിരുന്നു. കൂടാതെ ഉപഭോക്താക്കൾക്ക് ഉത്സവകാലത്ത് ന്യായവിലയ്ക്ക് ഉൽപ്പന്നങ്ങൾ ലഭ്യമാക്കുന്നതിനും ഓണക്കാലത്ത് അവശ്യവസ്തുക്കളുടെ പൊതു വിപണി വിലവർദ്ധനവ് നിയന്ത്രിക്കുന്നതിനായും ഓണക്കാലത്ത് സംസ്ഥാനമൊട്ടാകെ ഓണച്ചന്തകൾ ആരംഭിക്കുന്നതിന് സപ്ലൈകോ വിപുലമായ നടപടികൾ

LIBRARY ARCHIVES Kerala Legislative Assembly